(സി) ഇനി എന്തുതുക ഈയിനത്തിൽ പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4,14,410 ലക്ഷം രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്.

(ബി) 31.1.2000 വരെ 2,74,938.48 ലക്ഷം രൂപ പിരിച്ചെടുത്തു.

(സി) 139471.52 ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ട്.

3 (313) കേന്ദ്ര വില്പന നികുതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി ഏകീകരണം നടപ്പിൽ വന്നതിനുശേഷവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് കേന്ദ്ര വില്പനനികുതി ഇടാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സാധനങ്ങൾക്ക്;

(സി) ഏകീകൃത വില്പനനികുതി നിലവിൽ വന്നതോടെ കേന്ദ്രവില്പന നികുതി ഘട്ടം ഘട്ടമായി ഇല്ലാതാകുമെന്ന വ്യവസ്ഥ എത്രത്തോളം നടപ്പിലാക്കി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ നികുതി ഈടാക്കുന്നത് സാധനങ്ങൾ കൊണ്ടുവരുന്ന സംസ്ഥാനങ്ങളാണ്;

(ബി) കേരള വില്പനനികുതിയിനത്തിൻ കീഴിൽവരുന്ന എല്ലാ സാധനങ്ങൾക്കും കേന്ദ്ര വില്പനനികുതിയും ഈടാക്കുന്നുണ്ട്.

(സി) ഇതേവരെ നടപ്പിലാക്കിയിട്ടില്ല.

4 (314) ഏകീകൃത വില്പനനികുതി ആനുകൂല്യങ്ങൾ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃതവില്പനനികുതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമിതിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly